# കേരള സർവകലാശാല

നം. പി.ആർ.145/2016 ഫോൺ : 2305738

## പത്രക്കുറിപ്പ്

### ഡിഗ്രി അഡ്മിഷൻ

കേരള സർവകലാശാല ആഗസ്റ്റ് എട്ടിന് നടന്ന എസ്.സി/എസ്.ടി വിഭാഗത്തിലുള്ളവരുടെ സ്പോട്ട് അഡ്മിഷൻ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവർ ആഗസ്റ്റ് ഒമ്പതിന് കോളേജുകളിൽ ഹാജരായി അഡ്മിഷൻ എടുക്കണം. ഏതെങ്കിലും കാരണവശാൽ എത്തിച്ചേരാൻ കഴിയാത്തവർ പ്രിൻസിപ്പൽമാരെ അറിയിച്ച് ആഗസ്റ്റ് 10-നോ, 11-നോ അഡ്മിഷൻ നേടണം.

### എം.ടെക് പരീക്ഷ

കേരള സർവകലാശാല കാര്യവട്ടം കമ്പ്യൂട്ടർ സയൻസ് പഠനവകുപ്പ് (സി.എസ്.എസ്) നടത്തുന്ന നാലാം സെമസ്റ്റർ എം.ടെക് കമ്പ്യൂട്ടർ സയൻസ് (സ്പെഷ്യലൈസേഷൻ ഇൻ ഡിജിറ്റൽ ഇമേജ് കമ്പ്യൂട്ടിംഗ് - 2014-16 ബാച്ച്) പരീക്ഷയ്ക്ക് പിഴകൂടാതെ ആഗസ്റ്റ് 12 (50 രൂപ പിഴയോടെ ആഗസ്റ്റ് 16, 250 രൂപ പിഴയോടെ ആഗസ്റ്റ് 18) വരെ അപേക്ഷിക്കാം. ഡിസർട്ടേഷൻ സമർപ്പിക്കേണ്ട അവസാന തീയതി ആഗസ്റ്റ് 22.

### ബി.എസ്സി നഴ്സിംഗ് ഫലം

കേരള സർവകലാശാല മേയിൽ നടത്തിയ അവസാന വർഷ ബി.എസ്സി നഴ്സിംഗ് (സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ആഗസ്റ്റ് 22 വരെ അപേക്ഷിക്കാം.

### ബി.എസ്സി നഴ്സിംഗ് ഫലം

കേരള സർവകലാശാല മേയിൽ നടത്തിയ അവസാന വർഷ ബി.എസ്സി നഴ്സിംഗ് (സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ആഗസ്റ്റ് 22 വരെ അപേക്ഷിക്കാം.

### സീറ്റൊഴിവ്

കേരള സർവകലാശാല കാര്യവട്ടം ഇസ്ലാമിക് സ്റ്റഡീസ് പഠനവകുപ്പിൽ എം.എ ഇസ്ലാമിക് ഹിസ്റ്ററി കോഴ്സിന് പൊതു വിഭാഗത്തിലും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലും മറ്റ് സംവരണ വിഭാഗങ്ങളിലേക്കുമുള്ള ഒഴിവുള്ള സീറ്റുകളിലേക്ക് നിശ്ചിത യോഗ്യതയുള്ളവർക്ക് ആഗസ്റ്റ് 16-നകം അപേക്ഷിക്കാം. യോഗ്യത: ഏതെങ്കിലും വിഷയത്തിൽ ബിരുദം. ഇസ്ലാമിക് ചരിത്രത്തിന് മുൻഗണന. യോഗ്യരായ അപേക്ഷകർക്ക് ആഗസ്റ്റ് 17 രാവിലെ 10 മണിക്ക് പഠനവകുപ്പിൽ പ്രവേശനപ്പരീക്ഷ നടത്തും. ഫോൺ 0471-2308115, 9745693024.

കാര്യവട്ടം ഫിലോസഫി പഠനവകുപ്പിൽ എം.എ ഫിലോസഫി കോഴ്സിന് (2016 അഡ്മിഷൻ) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽ ഓരോ സീറ്റ് വീതം ഒഴിവുണ്ട്. താൽപര്യമുള്ള യോഗ്യരായവർ യോഗ്യത

തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകളുമായി ആഗസ്റ്റ് 16-നകം വകുപ്പുമായി ബന്ധപ്പെടുക. ഫോൺ 0471-2308746.

കാര്യവട്ടം അറബിക് പഠനവകുപ്പിൽ എം.എ അറബിക് (സി.എസ്.എസ് - 2016-18) കോഴ്സിന് സീറ്റൊഴിവുണ്ട്. താൽപര്യമുള്ളവർ മാർക്ക്ലിസ്റ്റ് എല്ലാ അസ്സൽ സർട്ടിഫിക്കറ്റുകളും സഹിതം ആഗസ്റ്റ് 17 വൈകുന്നേരം അഞ്ച് മണിക്ക് വകുപ്പിൽ ഹാജരാകണം.

## എം.ബി.ബി.എസ് പരീക്ഷ

കേരള സർവകലാശാല ആഗസ്റ്റ് 31-ന് തുടങ്ങുന്ന മൂന്നാം എം.ബി.ബി.എസ് (പാർട്ട് രണ്ട്) പരീക്ഷയ്ക്ക് പിഴകൂടാതെ ആഗസ്റ്റ് 12 (50 രൂപ പിഴയോടെ ആഗസ്റ്റ് 17, 250 രൂപ പിഴയോടെ ആഗസ്റ്റ് 18) വരെ അപേക്ഷിക്കാം.

## എൽ.എൽ.ബി : സൂക്ഷ്മപരിശോധന

കേരള സർവകലാശാല ജനുവരിയിൽ നടത്തിയ രണ്ടാം സെമസ്റ്റർ എൽ.എൽ.ബി യൂണിറ്ററി പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷിച്ചവർ ആഗസ്റ്റ് ഒമ്പത് മുതൽ 18 വരെയുള്ള പ്രവൃത്തി ദിവസങ്ങളിൽ വൈകുന്നേരം മൂന്ന് മുതൽ അഞ്ച് മണിവരെയുള്ള സമയം ഹാൾടിക്കറ്റും തിരിച്ചറിയൽ രേഖയുമായി പുനർമൂല്യനിർണ്ണയ വിഭാഗത്തിൽ ഹാജരാകണം.

## സമ്പർക്കക്ലാസുകൾ

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം നടത്തുന്ന മൂന്നാം സെമസ്റ്റർ എം.എസ്സി കമ്പ്യൂട്ടർ സയൻസ് സമ്പർക്കക്ലാസുകൾ പാളയം സെനറ്റ് ഹൗസ് കാമ്പസിലെ സ്കൂൾ ഓഫ് ഡിസ്റ്റൻസ് എഡ്യൂക്കേഷനിൽ ആഗസ്റ്റ് 13 മുതൽ രാവിലെ 9.30 മുതൽ വൈകുന്നേരം നാല് മണിവരെ നടത്തും.

## ത്രിദിന ശിൽപശാല

കേരള സർവകലാശാല ഗവേഷണ വിദ്യാർത്ഥി യൂണിയൻ ഡേറ്റ ഹാൻഡ്ലിംഗ് ആൻഡ് അനലൈസിസ് യൂസിംഗ് എസ്.പി.എസ്.എസ് എന്ന വിഷയത്തിൽ ത്രിദിന ശിൽപശാല ആഗസ്റ്റ് 29, 30, 31 തീയതികളിൽ കാര്യവട്ടം കാമ്പസിൽ നടത്തും. താൽപര്യമുള്ളവർ പേര്, വിഷയം, പഠനവകുപ്പ്, സർവകലാശാല/കോളേജ്, ഫോൺ നമ്പർ എന്നീ വിവരങ്ങൾ researchstudentsunionku@gmail.com എന്ന വിലാസത്തിൽ ഇ-മെയിൽ വഴി ആഗസ്റ്റ് 25-നകം രജിസ്റ്റർ ചെയ്യുക. ഫോൺ. 9447297666, 9809909056, 9947503071.

## എം.ഫിൽ മാനേജ്മെന്റ് ഫലം

കേരള സർവകലാശാല ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ കേരള മാർച്ചിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.ഫിൽ മാനേജ്മെന്റ് പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## എൽ.എൽ.ബി. വൈവ

കേരള സർവകലാശാല ജൂലൈയിൽ നടത്തിയ ആറാം സെമസ്റ്റർ യൂണിറ്ററി എൽ.എൽ.ബി (ത്രിവത്സരം) പരീക്ഷകളുടെ വൈവ ആഗസ്റ്റ് 11, 12 തീയതികളിൽ ഗവ. ലോ കോളേജിലും ആഗസ്റ്റ് 16-ന് പാറശ്ശാല

സി.എസ്.ഐ-ലും ആഗസ്റ്റ് 19 മുതൽ 23 വരെ കേരള ലോ അക്കാഡമിയിലും നടത്തും.

**സർവകലാശാല മന്ദിരം,**
തിരുവനന്തപുരം. പബ്ലിക് റിലേഷൻസ് ഓഫീസർ
08.08.2016

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ


**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**